പോകാനും പിന്നെ ലോക്കൽ പോലീസിൽ പോകാനും നിലവിലുണ്ടായിരുന്ന അവസരം 30-9-1986-ലെ ഒരു ഗസറ്റ് വിജ്ഞാപനപ്രകാരം നഷ്ടപ്പെട്ടിരിക്കുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എസ്. എ. പി., എം. എസ്. പി., കെ. എ. പി. രണ്ടാം ബറ്റാലിയൻ ഇവയിൽനിന്നും സായുധസേനയിലേക്കും ലോക്കൽ പോലീസിലേക്കും മാറ്റം ലഭിക്കുന്നതിനുള്ള നിലവിലുള്ള അവസരം 30-9-1986-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം നഷ്ടപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

പോലീസിന്റെ ഫിംഗർപ്രിന്റ് വിഭാഗം

1109. [1657] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിന്റെ ഫിംഗർ പ്രിന്റ് വിഭാഗം എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഫിംഗർപ്രിന്റ് വിഭാഗം പുതിയതായി എവിടെയെല്ലാം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) പത്തനംതിട്ട ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഉണ്ട്. തിരുവനന്തപുരത്ത് ഒരു കേന്ദ്ര ഫിംഗർപ്രിന്റ് ബ്യൂറോയും ഉണ്ട്.

(ബി) പത്തനംതിട്ടയിലും, തിരുവനന്തപുരത്തെ പോലീസ് കംപ്യൂട്ടർ സെന്ററിലും.

സ്പെൻസർ ജംഗ്ഷനു സമീപമുള്ള കോഫി ഹൗസിനു മുന്നിലുള്ള യുവാക്കളുടെ ശല്യം

1110. [1659] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനു സമീപമുള്ള ഇൻഡ്യൻ കോഫി ഹൗസിനു മുന്നിൽ സ്ത്രീജനങ്ങൾക്ക് യുവാക്കളുടെ ശല്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെൻസർ ജംഗ്ഷന് സമീപമുള്ള കോഫി ഹൗസിന് മുന്നിൽ ശല്യം ഉണ്ടാക്കിയതായി കാണപ്പെട്ട 17 ഓളം പെരുപ്പക്കാരെ കൺറോൺമെന്റ് പോലീസ് സ്റ്റേഷനിലേക്ക് നീക്കം ചെയ്തു ടിയാൻമാരുടെ പേരിൽ 17 പെറ്റി കേസ്സുകൾ കോടതിയിൽ കൊടുത്തിട്ടുണ്ട്. ടിയാൻമാർ കോടതിയിൽ പിഴ ഒടുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly